കാഴ്ചപ്പാട്



സ്നേഹിക്കാൻ, ത്യജിക്കുക തന്നെ വേണം. ഇത് ലോകത്തിന്റെ മൗലികസത്യമാണ്

- ടഗോർ-

100 വർഷം മുൻപ്

വിരോധിച്ചതായി ഉത്തരവ്

പാലക്കാട്ടു താലൂക്കിൽ കൊടുവായൂർ എന്ന സ്ഥലത്തു അടുത്തു നടക്കാനിരിക്കുന്ന രഥോൽസവത്തിനും കുറുമ്പനാടു താലൂക്കിൽ ഇയ്യിടെ നടക്കാനിരിക്കുന്ന ഉൽസവത്തിനും കന്നുകാലിച്ചന്തയ്ക്കും പ്ലേഗു ബാധിച്ച സ്ഥലങ്ങളായ കോയമ്പത്തൂർ, തെക്കൻ കനറ മുതലായ സ്ഥലങ്ങളിൽ നിന്ന് ആരും പോകുവാൻ പാടില്ലെന്നു ബ്രിട്ടീഷു ഗവൺമെന്റിൽ നിന്നു വിരോധിച്ചിരിക്കുന്നതായി കാണുന്നു.

14–12–1912

നേടാൻ നേരിടാൻ

പൊലീസ് സ്റ്റേഷനിൽ പരാതി കൊടുത്താൽ രസീതു ലഭിക്കാൻ പരാതിക്കാരന് അവകാശമുണ്ട്. എസ്ഐയ്ക്കാണു പരാതി നൽകേണ്ടത്. എസ്ഐ ഇല്ലെങ്കിൽ ജനറൽ ഡ്യൂട്ടി ചാർജുള്ള ആളെ ഏൽപ്പിക്കാം.

ധർമ്മോസ്മത് കുലദൈവതം
ESTABLISHED 1888

1188 ധനു 5, 1434 സഫർ 6
പൂരുരുട്ടാതി 03/55, അഷ്ടമി 41/37

വരണ്ടുണങ്ങുന്ന പ്രതീക്ഷകൾ

മുഴുവൻ വിളകൾക്കും ഇൻഷുറൻസ് വേണം

കാലവർഷവും തുലാവർഷവും ഒരുപോലെ ചതിച്ചതിനാൽ കടുത്ത വരൾച്ചയിലേക്കു വിണ്ട കാലുകളോടെ നീങ്ങുകയാണു കേരളം. ജലസംഭരണികളിൽ വെള്ളമില്ലാത്തതു കൃഷിയെയും വൈദ്യുതി ഉൽപാദനത്തെയും ബാധിച്ചുകഴിഞ്ഞു. വരുംമാസങ്ങളിൽ ശുദ്ധജലക്ഷാമം കൂടുതൽ രൂക്ഷമാകുമെന്ന കാര്യത്തിൽ സംശയമില്ല. ഇന്നലെ ചേർന്ന ദുരന്തനിവാരണ അതോറിറ്റി യോഗത്തിൽ സംസ്ഥാനത്തെ മൊത്തത്തിൽ വരൾച്ചബാധിതമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതോടെ, വാണിജ്യ ബാങ്കുകളുടേതുൾപ്പെടെ എല്ലാ ബാങ്കുകളുടെയും കാർഷിക വായ്പകൾക്കു മൊറട്ടോറിയം ലഭിക്കുമെന്നതും കേരളം നൽകുന്ന നിവേദനത്തിന്റെ അടിസ്ഥാനത്തിൽ വരൾച്ചാദുരിതത്തിനു കേന്ദ്രസഹായം ലഭിക്കുമെന്നതും വലിയ ആശ്വാസം പകരുന്ന കാര്യങ്ങളാണ്.

കേരളം ശുദ്ധജല സമ്പന്നമാണെന്നാണു സങ്കൽപമെങ്കിലും ജലലഭ്യതയുടെ 25 ശതമാനമൊഴിച്ചുള്ള വെള്ളം പാഴായിപ്പോകുകയാണ്. കായലുകളും നദികളും ചിറകളും സംരക്ഷിക്കാൻ നാം ഒട്ടുംതന്നെ മെനക്കെടുന്നില്ല. ജലസേചന പദ്ധതികൾ പലതുണ്ടായിട്ടും കൃഷിക്കു വേണ്ടത്ര വെള്ളം ലഭ്യവുമല്ല. ശുദ്ധജലപദ്ധതികൾ ആധുനികവൽക്കരിക്കാനോ ഈ മേഖലയിൽ ആവശ്യമായത്ര മുതൽമുടക്കാനോ സംസ്ഥാനത്തിനു കഴിഞ്ഞിട്ടില്ല. പല ശുദ്ധജല - ജലസേചന പദ്ധതികളിലും കെടുകാര്യസ്ഥതയും അഴിമതിയും നിറഞ്ഞതോടെ ജനങ്ങളുടെ ഭാരം വർധിച്ചു.

ഉണക്കുമൂലമുള്ള വിളനാശത്തിലൂടെ കർഷകർക്കുണ്ടാകുന്ന ആദായനഷ്ടം ഇൻഷുറൻസിലൂടെ നികത്താനുള്ള സംസ്ഥാന സർക്കാരിന്റെ തീരുമാനം സ്വാഗതാർഹമാണ്. കേരളത്തിൽ ഇപ്പോൾ തന്നെ ഇൻഷുറൻസ് പരിരക്ഷ കിട്ടുന്ന വിളകളാണു നെല്ലും കുരുമുളകും കശുമാവും. ഇവയ്ക്കു വേണ്ടിത്തന്നെയാണ് ഇപ്പോൾ പദ്ധതി പ്രഖ്യാപിച്ചിരിക്കുന്നതും. ഇവയിൽ വരൾച്ചയുടെ കെടുതികൾ ഏറ്റവുമനുഭവിക്കുന്ന വിള നെല്ലു തന്നെ. കുരുമുളകും കശുമാവും പണ്ടേതന്നെ കാര്യമായ നനയില്ലാതെ വളർത്തുന്നവയാണ്. കേരളത്തിലെമ്പാടും കൃഷിചെയ്യുന്ന വിളകളിൽ വെള്ളത്തെ അങ്ങേയറ്റം ആശ്രയിക്കുന്നതു വാഴയും പച്ചക്കറികളും തെങ്ങുമൊക്കെയാണ്. എന്നാൽ, ഇവയെല്ലാം ഇപ്പോഴും ഇൻഷുറൻസിന്റെ കുടക്കീഴിൽ നിന്നു പുറത്താണ്. നിലവിലുള്ള വിള ഇൻഷുറൻസ് സംസ്ഥാനത്തു കൃഷിചെയ്യുന്ന മുഴുവൻ വിളകൾക്കുമായി വ്യാപിപ്പിക്കുകയാണു വേണ്ടത്. ഇക്കാര്യം പരിഗണിക്കുന്നതു പ്രതീക്ഷ പകരുന്നു.

ഈ വർഷത്തെ വരൾച്ച പ്രത്യേക സാഹചര്യമായെടുത്ത് സംസ്ഥാനത്തിനു മൊത്തത്തിലുണ്ടാകുന്ന കാർഷിക നഷ്ടത്തിന്റെ വസ്തുനിഷ്ഠമായ കണക്കെടുക്കണം. ഈ കണക്കിൽ റബർ, തേയില, ഏലം, കാപ്പി എന്നീ തോട്ടവിളകളെക്കൂടി ഉൾപ്പെടുത്തുകയും വേണം. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരിൽ നിന്നു പ്രത്യേക ദുരിതാശ്വാസ പാക്കേജ് നേടിയെടുക്കേണ്ടിയിരിക്കുന്നു. കാരണം, തോട്ടവിളകളുടെ വിപണനത്തിൽ നിന്നുള്ള എക്സൈസ് തീരുവ പൂർണമായി കേന്ദ്രത്തിനു മാത്രം കിട്ടുന്നതാണ്.

വരൾച്ച ക്ഷീരമേഖലയെ കാര്യമായിത്തന്നെ ബാധിക്കും. വയ്ക്കോലും പുല്ലും കിട്ടാൻ ബുദ്ധിമുട്ടുവരുന്നതോടെ ക്ഷീരകർഷകർ കന്നുകാലികളെ വിറ്റുതുടങ്ങിയേക്കാം. വരൾച്ചയിലും പ്രളയത്തിലും കടുത്ത തിരിച്ചടി ഉണ്ടാകുന്നതു കൃഷിക്കാണ്. അതിനാൽ, സ്ഥിരമായി നിലനിൽക്കുന്ന കാർഷിക ദുരിതാശ്വാസ നിധി രൂപീകരിക്കുക തന്നെ വേണം. ഇതിനുവേണ്ട പണം കേന്ദ്രവും സംസ്ഥാനവും ചേർന്നു കണ്ടെത്തുകയാണു വേണ്ടത്. വരൾച്ചയും പ്രളയവുമൊക്കെ ഏതു വർഷവും സംഭവിക്കാവുന്ന കാര്യമായതിനാൽ ഇതിനായി പ്രത്യേക ടാസ്ക് ഫോഴ്സിനും എനർജി മാനേജ്മെന്റ് സെന്ററിന്റെ രൂപത്തിലുള്ള പഠനകേന്ദ്രത്തിനും രൂപംനൽകി നയസ്ഥിരത ഉറപ്പാക്കുകയാണു കാലാവസ്ഥാമാറ്റങ്ങൾ ആവശ്യപ്പെടുന്നത്.

ഇന്ത്യയിൽ 1987-89 കാലത്ത് ഏറ്റവും രൂക്ഷമായ വരൾച്ച ഉണ്ടായപ്പോൾ അന്നു പ്രധാനമന്ത്രിയായിരുന്ന രാജീവ് ഗാന്ധി അതു നേരിടാൻ സമഗ്രമായ പദ്ധതി തയാറാക്കിയിരുന്നു. അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങൾ, ദീർഘകാലാടിസ്ഥാനത്തിൽ ചെയ്യേണ്ടവ, ആസൂത്രണരംഗത്തു ചെയ്യേണ്ടവ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളായി തരംതിരിച്ചാണു പദ്ധതിക്കു രൂപംനൽകിയത്. ബഹുമുഖതലങ്ങളിൽ, യുദ്ധകാലാടിസ്ഥാനത്തിൽ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോയതിനാൽ ഒരു വലിയ ദേശീയദുരന്തം ഒഴിവാക്കാനായതു ചരിത്രം. ആ ചരിത്രം ആവർത്തിക്കാൻ ഇപ്പോൾ സമയമായി.

മലയാള ഭാഷാപാരമ്പര്യം: തലമുറകൾക്ക് അംഗീകാരം

ടി. ബി. ലാൽ

മലയാളത്തിനു ശ്രേഷ്ഠഭാഷാപദവി ശുപാർശ ചെയ്ത വിദഗ്ധസമിതി യോഗത്തിൽ ഇതര ഭാഷകളിൽ നിന്നായി പങ്കെടുത്തതു പത്തു പണ്ഡിതർ. പ്രമുഖ എഴുത്തുകാരനും കേന്ദ്ര സാഹിത്യ അക്കാദമി ആക്ടിങ് പ്രസിഡന്റുമായ വിശ്വനാഥ് പ്രസാദ് തിവാരിയുടെ അധ്യക്ഷതയിലായിരുന്നു യോഗം.

മലയാള ഭാഷയ്ക്ക് ആയിരത്തിയഞ്ഞൂറിലേറെ വർഷത്തെ പഴക്കമുണ്ടെന്നു തെളിയിക്കുകയായിരുന്നു മലയാളസംഘത്തിന്റെ ആദ്യകടമ്പ. മലയാളത്തിനു രണ്ടായിരത്തിലേറെ വർഷത്തെ പാരമ്പര്യമുണ്ടെന്നു സംഘം വാദിച്ചു. ഭാഷയിൽ പുരാതനമായ സാഹിത്യവും ഗ്രന്ഥങ്ങളും ഉണ്ടായിരിക്കണം, ഭാഷയുടെ പാരമ്പര്യം തനിമയുള്ളതായിരിക്കണം, ആധുനികഭാഷയിൽ നിന്നു വ്യതിരിക്തമായ ഭാഷയും സാഹിത്യവും ഉണ്ടാകണം എന്നിങ്ങനെ മറ്റു നിബന്ധനകളിലും മലയാളത്തിന് അംഗീകാരം നേടിയെടുക്കാൻ ഇവർക്കായി.

സാങ്കേതികത്വങ്ങൾ ഉന്നയിച്ചു ഭാഷയുടെ പ്രായത്തെക്കുറിച്ചു തർക്കിക്കുന്നതിൽ അർഥമില്ലെന്നു കെ. ജയകുമാർ വാദിച്ചു. മലയാളത്തിന്റെ പൈതൃകത്തെക്കുറിച്ചും പാരമ്പര്യത്തെക്കുറിച്ചും ശ്രേഷ്ഠഭാഷാപദവി നൽകുന്നതിനുള്ള ആദ്യത്തെ കേന്ദ്രസർക്കാർ സമിതിയിൽ അംഗമായിരുന്ന ജയകുമാർ ദീർഘമായി സംസാരിച്ചു. ഡോ. പുതുശേരി രാമചന്ദ്രന്റെ അധ്യക്ഷതയിൽ നേരത്തേ തയാറാക്കി സമർപ്പിച്ച മലയാളഭാഷാ പാരമ്പര്യത്തെക്കുറിച്ചുള്ള റിപ്പോർട്ടിലെ ഉദ്ധരണികളും അദ്ദേഹം എടുത്തുകാട്ടി.

ചരിത്രപരവും സാമൂഹികവുമായ തുറകളിലൂടെ, തലമുറകളിലൂടെ കൈമാറിവന്ന ഭാഷാപാരമ്പര്യം എംജിഎസ് വിശദമാക്കി. ദക്ഷിണേന്ത്യൻ ഭാഷകളായ തമിഴിനും തെലുങ്കിനും കന്നഡയ്ക്കുമൊപ്പം മലയാളത്തിനും അതേ പാരമ്പര്യം അവകാശപ്പെടാനാകുമെന്ന് അദ്ദേഹം പറഞ്ഞു. ആദിദ്രാവിഡ ബന്ധം, പുരാലിഖിതങ്ങൾ, നരവംശശാസ്ത്രം എന്നിവയിൽ നിന്നുള്ള തെളിവുകൾ നിരത്തി ഡോ. നടുവട്ടം ഗോപാലകൃഷ്ണനും പ്രഫ. ബി. ഗോപിനാഥനും വാദിച്ചതോടെ ഏകകണ്ഠമായി മലയാളത്തിനു ശ്രേഷ്ഠഭാഷാപദവി നൽകാൻ യോഗം തീരുമാനിക്കുകയായിരുന്നു. കേരളത്തിന്റെ വാദങ്ങൾക്ക് ഒഡീഷയിൽ നിന്നുള്ള ഡോ. വി.ആർ. റാവു പിന്തുണയുമായി എത്തിയതും ശക്തിപകർന്നു.

സാഹിത്യ അക്കാദമി പ്രസിഡന്റിനും സെക്രട്ടറിക്കും പുറമേ പ്രഫ. അഗർവാൾ റാവു, ഗോപിചന്ദ് നരംഗ്, പി.എസ്.കെ. കണ്ണൻ, വി.എൻ. പട്നായിക്, മഹാവീർ അഗർവാൾ, ഡോ. വി.ആർ. റാവു, കെ.വി സുബ്ബറാവു, എം. ശ്രീനാഥൻ എന്നിവരാണു യോഗത്തിൽ പങ്കെടുത്തത്. സമിതിയിലെ അംഗങ്ങളായ ഡോ. ഉദയ്നാരായൺ സിങ്, അൻവിദ ആബിക് എന്നിവർ യോഗത്തിനെത്തിയില്ല. ഈവർഷം ജനുവരി 21നു ചേർന്ന വിദഗ്ധസമിതി മലയാളത്തിനു ശ്രേഷ്ഠാഭാഷാപദവി നൽകുന്നതിനെ എതിർത്തിരുന്നു. ഇതേത്തുടർന്നു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി കേന്ദ്രസർക്കാരിനു നിവേദനം നൽകി. ഒ.എൻ.വി. കുറുപ്പിന്റെ നേതൃത്വത്തിലുള്ള സംഘം പ്രധാനമന്ത്രി മൻമോഹൻ സിങ്ങിനെ കണ്ടു മലയാളത്തിന് ആയിരത്തിലേറെ വർഷത്തെ പഴക്കമുണ്ടെന്നു തെളിയിക്കുന്ന വിശദമായ റിപ്പോർട്ടും നൽകിയിരുന്നു.

ശ്രേഷ്ഠഭാഷാപദവി പ്രഖ്യാപിക്കപ്പെടുന്നതോടെ ഭാഷാവികസനത്തിനും ഗവേഷണത്തിനുമായി 100 കോടിയുടെ സഹായം ലഭിക്കും. ഓരോ വർഷവും രണ്ടു പ്രമുഖ ഭാഷാപുരസ്കാരങ്ങൾ നൽകാനും അനുമതിയുണ്ടാകും. യുജിസിയുടെ ആഭിമുഖ്യത്തിൽ ഭാഷയ്ക്കായി സെന്റർ ഓഫ് എക്സലൻസും രാജ്യത്തെ വിവിധ സർവകലാശാലകളിൽ ചെയറുകളും സ്ഥാപിതമാകും.

അവതരണം

കണ്ടത് അറിവുകളുടെ ആഴങ്ങൾ

ഭാഷാ ചരിത്രത്തിലും സാഹിത്യത്തിലും നൂറ്റാണ്ടുകളുടെ പാരമ്പര്യവും തഴക്കവും അവകാശപ്പെട്ടു കേരളം അവതരിപ്പിച്ച വാദങ്ങളും തെളിവുകളും സാഹിത്യ അക്കാദമിയുടെ ഭാഷാവിദഗ്ധ സമിതിക്കു തലകുലുക്കി സമ്മതിക്കേണ്ടിവന്നു. ഭാഷാ സംസ്കൃതിയിലും ലിപിവ്യവസ്ഥയിലും ലിഖിതസാഹിത്യത്തിലുമെല്ലാം ആഴത്തിൽ പങ്കുവച്ച അറിവുകളാണു മലയാളത്തിനു ക്ലാസിക്കൽ ഭാഷാപദവി സാധ്യമാക്കിയത്. കേരളത്തിൽ നിന്നുള്ളവരുടെ വാക്കുകൾ ഒരു ക്ലാസുപോലെ മറ്റുള്ളവർ കേട്ടിരുന്നു. മുൻ ചീഫ് സെക്രട്ടറിയും മലയാള സർവകലാശാലാ വൈസ് ചാൻസലറുമായ കെ. ജയകുമാർ, ഡോ. എം.ജി.എസ്. നാരായണൻ, ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ, പ്രഫ. ബി. ഗോപിനാഥൻ എന്നിവർ മൂന്നു മണിക്കൂറിൽ അളന്നുമുറിച്ചു കാര്യങ്ങൾ അവതരിപ്പിച്ചതോടെ തീരുമാനം ഉടൻ തന്നെയുണ്ടായി. മലയാളത്തെ എതിർക്കാൻ കച്ചകെട്ടി വന്നിരുന്ന ചില സമിതിയംഗങ്ങൾക്കും കേരളത്തിൽ നിന്നുള്ളവരുടെ വാദങ്ങൾക്കു സമ്മതംമൂളേണ്ടിവന്നു.

ചില ഭാഷകൾക്കുമാത്രം ക്ലാസിക് പദവി നൽകുകയും മറ്റുള്ളവയ്ക്കു നൽകാതിരിക്കുകയും ചെയ്യുന്നതു ശാസ്ത്രീയമായി ശരിയല്ലെന്നു ജയകുമാർ വാദിച്ചു. ഭാഷയുടെ പ്രായം കണക്കാക്കുക പ്രയാസകരമാണ്. മലയാളം തമിഴിനെയും കന്നഡയെയും ആശ്രയിച്ചു നിൽക്കുന്ന ഭാഷയല്ല. മലയാളം രൂപംകൊണ്ടതു തമിഴിൽ നിന്നാണെന്ന ധാരണയും സംഘം പൊളിച്ചു. സംഘസാഹിത്യ കാലഘട്ടത്തെക്കുറിച്ചു വിശദമായി ചർച്ച നടന്നു. സംഘസാഹിത്യം തമിഴിനൊപ്പം മലയാളിക്കുകൂടി അവകാശപ്പെട്ടതാണെന്നു ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ വാദിച്ചു. സംഘസാഹിത്യത്തിൽ പറയുന്ന പല സ്ഥലങ്ങളും കേരളത്തിലുണ്ട്. സംഘകാലഘട്ടത്തിലെ ഒട്ടേറ പദങ്ങൾ മലയാളത്തിൽ സംരക്ഷിക്കപ്പെടുന്നതിനും അദ്ദേഹം ഉദാഹരണങ്ങൾ നിരത്തി. ചിലപ്പതികാരവും കേരളത്തിലുണ്ടായതാണെന്നു മലയാളി സംഘം വ്യക്തമാക്കി.

സംഘകാലഘട്ടത്തിൽ പരാമർശിക്കുന്ന പാണൻ, വേലൻ തുടങ്ങിയ കുലത്തൊഴിലുകൾ ഇപ്പോഴും നിലനിൽക്കുന്ന സംസ്ഥാനം കേരളമാണെന്നും ഒഡീഷയിൽ നിന്നുള്ള അംഗം ഡോ. വി.ആർ. റാവു മലയാളത്തെ പിന്തുണച്ചു വാദിച്ചു. ഇതു ഭാഷയുടെ പഴക്കത്തിന് ഉദാഹരണമാണെന്നും അദ്ദേഹം പറഞ്ഞു. മഹാഭാരത യുദ്ധവേളയിൽ പോരാളികൾക്കു ചോറുവിളമ്പിയ മലയാളി രാജാവ് പെരുംചോറ്റ് ഉദിയന്റെ കഥയും പരാമർശവിഷയമായി.

മലയാള ഭാഷയ്ക്ക് ആയിരത്തിയഞ്ഞൂറിലേറെ വർഷത്തെ പഴക്കമുണ്ടെന്നു തെളിയിക്കുകയായിരുന്നു മലയാള സംഘത്തിന്റെ ആദ്യകടമ്പ. മലയാളത്തിനു രണ്ടായിരത്തിലേറെ വർഷത്തെ പാരമ്പര്യമുണ്ടെന്നു സംഘം വാദിച്ചു.

- നരേന്ദ്രമോഡിക്കു ഹാട്രിക് വിജയമെന്ന് എക്സിറ്റ്പോൾ
- ബിജെപിക്ക് ഒരു ശതമാനം വോട്ട് കുറയും; കോൺഗ്രസിന് രണ്ടു ശതമാനവും
- കേശുഭായ് പട്ടേലിന്റെ പരിവർത്തൻ പാർട്ടി 7% വോട്ട് നേടും

ഗുജറാത്ത്: ബിജെപിക്ക് സീറ്റ് കൂടുമെന്ന് ദ് വീക്ക് സർവേ

ഗുജറാത്തിൽ നരേന്ദ്ര മോഡി കൂടുതൽ കരുത്താർജിക്കുന്നതായി ദ് വീക്ക് - സിഎൻഎൻ ഐബിഎൻ അഭിപ്രായ വോട്ടെടുപ്പുഫലം. 182 അംഗ നിയമസഭയിൽ ബിജെപിക്ക് 129 മുതൽ 141 വരെ സീറ്റ് ലഭിക്കാം. നിലവിൽ 117 സീറ്റാണുള്ളത്. മുഖ്യ പ്രതിപക്ഷമായ കോൺഗ്രസിനു ലഭിക്കുക 37-45 സീറ്റാവും (2007ൽ 59). മറ്റുള്ളവർക്കു 4-10 സീറ്റ്.

സീറ്റുകളുടെ എണ്ണം വർധിപ്പിക്കുമെങ്കിലും ബിജെപിക്കു ലഭിക്കുന്ന വോട്ടിൽ ഒരു ശതമാനത്തിന്റെ കുറവുണ്ടാകും. 2007ൽ 49% വോട്ടു ലഭിച്ചത് ഇത്തവണ 48% ആയി കുറയും. കോൺഗ്രസിനു കഴിഞ്ഞ തവണത്തെക്കാൾ രണ്ടു ശതമാനം വോട്ടിന്റെ കുറവുണ്ടായേക്കാം. 2007ൽ 38% ആയിരുന്നു. കേശുഭായി പട്ടേലിന്റെ ഗുജറാത്ത് പരിവർത്തൻ പാർട്ടി ഏഴു ശതമാനം വോട്ടു നേടുന്നതാണു രണ്ടു പ്രധാന പാർട്ടികൾക്കും ദോഷമാകുന്നത്.

നരേന്ദ്ര മോഡി സർക്കാരിനു മൂന്നാമതും അവസരം ലഭിക്കുമോ എന്ന ചോദ്യത്തിനു സർവേയിൽ പങ്കെടുത്ത 49% പേരും അനുകൂലമായി പ്രതികരിച്ചു. ബിജെപിയും കോൺഗ്രസും തമ്മിലുള്ള വോട്ടുകളിലെ അന്തരം 12 ശതമാനമായി വർധിച്ചിട്ടുണ്ട്. 2007ൽ ഇത് 11% ആയിരുന്നു.

മേഖലാതലത്തിലും ബിജെപി എല്ലായിടത്തും കരുത്തുകാട്ടുന്നു. സൗരാഷ്ട്ര, കച്ച് മേഖലയിൽ കേശുഭായിയുടെ പാർട്ടിയുടെ ശക്തമായ വെല്ലുവിളിയിലും ബിജെപി മുന്നേറുന്നത് കോൺഗ്രസിനെ ക്ഷീണിപ്പിച്ചുകൊണ്ടാണ്. ഉത്തര ഗുജറാത്തിൽ ബിജെപി തരംഗമാണ്. മധ്യ ഗുജറാത്തിൽ ബിജെപി മുന്നിലാണെങ്കിലും ഒട്ടേറെ മണ്ഡലങ്ങളിൽ മൽസരം കടുത്തതാണ്. ദക്ഷിണ ഗുജറാത്തിൽ ബിജെപി കോൺഗ്രസിനെക്കാൾ ഏറെ മുന്നിലാണ്.

വോട്ടെടുപ്പിനു മുൻപു നടത്തിയ സർവേകളിലേതിനെക്കാൾ (49%) പിന്നിലാണു വോട്ടെടുപ്പിനു ശേഷമുള്ള സർവേകളിൽ മോഡിയുടെ നില - 46%. മുഖ്യമന്ത്രിസ്ഥാനത്തേക്ക് അടുത്തെങ്ങും ആരുമില്ല. കോൺഗ്രസിലെ ശങ്കർ സിങ് വഗേലയെ പിന്തുണയ്ക്കുന്നത് 9% മാത്രം.

തിരഞ്ഞെടുപ്പിലെ മുഖ്യവിഷയം വിലക്കയറ്റം തന്നെയാണ് - 28%. വൈദ്യുതി, വെള്ളം, റോഡ് പ്രശ്നങ്ങൾ - 18%. കർഷകവിഷയങ്ങൾ - 13%. തൊഴിലില്ലായ്മ - 11%. അഴിമതി - 9%. ഗുജറാത്തിന്റെ വികസനം - 9% എന്നിങ്ങനെ പോകുന്നു വോട്ടർമാരുടെ താൽപര്യം. മോഡിയുടെ വ്യക്തിപ്രാഭവത്തിനു വോട്ടു നേടാനുള്ള പ്രാധാന്യം കുറഞ്ഞുവരുന്നതായും സർവേയിൽ കണ്ടു.

2007 ലെ കക്ഷിനില

ആകെ സീറ്റ്	182
ബിജെപി	117
കോൺഗ്രസ്	59
എൻസിപി	3
മറ്റുള്ളവർ	3

2012 എക്സിറ്റ് പോൾ



നരേന്ദ്ര മോഡി സർക്കാരിനു മൂന്നാമതും അവസരം ലഭിക്കുമോ എന്ന ചോദ്യത്തിനു സർവേയിൽ പങ്കെടുത്ത 49% പേരും അനുകൂലമായി പ്രതികരിച്ചു.

ഫലം മൊബൈൽ ഫോണിൽ

തിരഞ്ഞെടുപ്പു ഫലം മൊബൈൽ ഫോണിൽ തൽസമയം ലഭിക്കാൻ അതതു സംസ്ഥാനങ്ങളുടെ കൂടെ കൊടുത്തിരിക്കുന്ന കോഡ് ടൈപ്പ് ചെയ്ത് 56776 എന്ന നമ്പറിലേക്ക് എസ്എംഎസ് അയയ്ക്കുക.
സംസ്ഥാനങ്ങളുടെ കോഡ് താഴെ:

ഗുജറാത്ത്	GJ
ഹിമാചൽ പ്രദേശ്	HP

ഉദാഹരണം : ഗുജറാത്തിലെ തിരഞ്ഞെടുപ്പ് ഫലം അറിയാൻ GJ എന്ന് ടൈപ്പ് ചെയ്ത് 56776 ലേക്ക് എസ്എംഎസ് ചെയ്യുക.
ഡേറ്റാ കണക്ഷൻ ഉള്ളവർക്ക് m.manoramaonline.com എന്ന മൊബൈൽ സൈറ്റിലൂടെ സമ്പൂർണ ഫലം അറിയാം.

കത്തുകൾ

e-mail: kazhchappad@mm.co.in

ഡോക്ടർമാർ മരുന്ന് കുറിക്കുമ്പോൾ

മരുന്നു കുറിക്കുമ്പോൾ ‘ജനറിക് നെയിം’ എഴുതുന്നതു സ്വകാര്യ മേഖലയിലുള്ള ഡോക്ടർമാർക്കു കൂടി ബാധകമാണെന്നു സംസ്ഥാന മെഡിക്കൽ കൗൺസിൽ തീരുമാനിച്ചതായുള്ള വാർത്ത വന്നല്ലോ. ഡോക്ടർമാരും മരുന്നു കമ്പനികളുമായുള്ള അവിഹിത ബന്ധം തടയാനുള്ള നിയമത്തിന്റെ ഉദ്ദേശ്യശുദ്ധി സ്വാഗതാർഹമാണ്. എന്നാൽ, ഇതിന്റെ ഭയാനകമായ ഒരു മുഖം കൂടി കാണണം.

മെഡിക്കൽ എത്തിക്സിനെ മുറുകെപ്പിടിച്ചു സേവനം നടത്തുന്ന വലിയ വിഭാഗം ഡോക്ടർമാർ ഇവിടെയുണ്ട്. അവർ, അവർക്കു വിശ്വാസമുള്ള, നിലവാരമുള്ള മരുന്നുകളാണ് എഴുതുന്നത്. സംസ്ഥാനത്തു വിപണിയിൽ വളരെ നിലവാരം കുറഞ്ഞ മരുന്നുകൾ വ്യാപകമാണ് എന്ന സത്യം എല്ലാവർക്കും അറിയാം. മരുന്നിന്റെ ജനറിക് നെയിം എഴുതുമ്പോൾ നിലവാരം കുറഞ്ഞ മരുന്നുകൾ രോഗിക്കു ലഭിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. ഈ യാഥാർഥ്യം കേരള മെഡിക്കൽ കൗൺസിൽ മനസ്സിലാക്കണമെന്ന് അഭ്യർഥിക്കുന്നു.

ഡോ. കെ.കെ. മാത്യു
കായംകുളം

ബുക്ക് കവർ: എൻട്രികൾ ക്ഷണിക്കുന്നു

കേരള കാർട്ടൂൺ അക്കാദമിയും ശങ്കരൻകുട്ടി മെമ്മോറിയൽ ട്രസ്റ്റും ചേർന്നു സംഘടിപ്പിക്കുന്ന പുസ്തക കവർ ഡിസൈൻ അവാർഡ് 2012ലേക്ക് എൻട്രികൾ ക്ഷണിക്കുന്നു. 2011-2012 കാലയളവിൽ പ്രസിദ്ധീകരിച്ച കൃതികളാണു പരിഗണിക്കുക. പുസ്തകത്തിന്റെ ഒരു കോപ്പി ആർട്ടിസ്റ്റിനോ പ്രസാധകനോ അയയ്ക്കാം. ഒരാൾക്ക് അഞ്ചു വ്യത്യസ്ത പുസ്തകങ്ങൾ വരെ അയയ്ക്കാം. എൻട്രികൾ ജനുവരി 15ന് അകം കിട്ടണം. വിലാസം: ഓർത്തിക് ക്രിയേറ്റീവ് സെന്റർ, കാരിക്കാമുറി ക്രോസ്റോഡ്, എറണാകുളം സൗത്ത്, കൊച്ചി - 682 016.

കേരള കാർട്ടൂൺ അക്കാദമി

രണ്ടു നിരുപദ്രവ ബില്ലും രാഷ്ട്രീയ പൊരിച്ചിലും

നടുത്തളം

ഇ. സോമനാഥ്

തികച്ചും നിരുപദ്രവമായ രണ്ടു ബില്ലുകൾ. തദ്ദേശഭരണ സ്ഥാപനങ്ങളിലെ കൂറുമാറ്റം തടയാനുള്ള വ്യവസ്ഥകൾ കൂടുതൽ കർക്കശമാക്കാനും പഞ്ചായത്തു തിരഞ്ഞെടുപ്പിൽ മൽസരിച്ചവർക്കു സ്വത്തുവിവരം വെളിപ്പെടുത്തുന്നതിനുള്ള സമയം നീട്ടിക്കൊടുക്കാനും ഉദ്ദേശിച്ചുള്ളവയായിരുന്നു അവ. ആർക്കും അഭിപ്രായവ്യത്യാസമുണ്ടാകേണ്ട കാര്യമില്ല. എന്നാൽ അമ്മയെ തല്ലിയാലും രണ്ടുപക്ഷം എന്നതാണു സഭയിലെ നാട്ടുനടപ്പ്.

ബില്ലിനെക്കുറിച്ച് അഭിപ്രായവ്യത്യാസമില്ലെങ്കിൽ അഭിപ്രായവ്യത്യാസമുള്ള കാക്കത്തൊള്ളായിരം കാര്യങ്ങൾ കണ്ടുപിടിച്ചു ചർച്ച നീട്ടിക്കൊണ്ടുപോകാൻ ബഹുസമർഥർ സഭയിൽ വേണ്ടതിലേറെയുണ്ട്. കോൺഗ്രസിന്റെ സംഘടനാ തിരഞ്ഞെടുപ്പു മുതൽ കാലുമാറ്റം കണ്ടുപിടിച്ചത് ആരെന്നുവരെ തലനാരിഴ കീറി പരിശോധിക്കാൻ അംഗങ്ങൾ തുനിഞ്ഞതോടെ കൂറുമാറ്റവും സ്വത്തു പ്രഖ്യാപനവുമെല്ലാം വിസ്മരിക്കപ്പെട്ടു.

ചർച്ച തുടങ്ങിവച്ച പി. ശ്രീരാമകൃഷ്ണൻ ബില്ലിന്റെ പരിധിയിൽ ഒതുങ്ങിനിൽക്കാൻ ആത്മാർഥമായി ശ്രമിച്ചു. എന്നാൽ ഇ.കെ. വിജയന്റെ ഊഴംവന്നപ്പോൾ സംഗതി പിടിവിട്ടുപോയി. ജനാധിപത്യത്തെ പണാധിപത്യംകൊണ്ടു കീഴ്പെടുത്താനാണു കോൺഗ്രസ് ശ്രമിക്കുന്നതെന്നായി അദ്ദേഹം. എൽഡിഎഫിൽ നിന്നു നാലുപേർ യുഡിഎഫിലേക്കു വരുമെന്നും സ്ഫോടനാത്മകമായ രാഷ്ട്രീയ മാറ്റം സംഭവിക്കുമെന്നും പി.സി. ജോർജ് പ്രവചിച്ച് ഒരുവർഷമായിട്ടും ഏറുപടക്കം പോലും പൊട്ടിയില്ലെന്നാണു സാജു പോൾ പറയുന്നത്.

കോൺഗ്രസിലെ സംഘടനാ തിരഞ്ഞെടുപ്പിനെക്കുറിച്ചു വിജയൻ പരാമർശിച്ചപ്പോൾ പി.സി. വിഷ്ണുനാഥ് പ്രതിരോധം തീർത്തു. വിഷ്ണുനാഥ് ജനിച്ചതു പോലും കോൺഗ്രസിലെ അവസാന തിരഞ്ഞെടുപ്പിനു ശേഷമാണെന്നായി വിജയൻ.

കണ്ണൂരിൽ നിന്നുള്ളവരെ എറണാകുളത്തും തൃശൂരിലുമൊന്നും സെക്രട്ടറിയാക്കുന്ന പതിവു കോൺഗ്രസിന് ഇല്ലെന്നു ജോസഫ് വാഴയ്ക്കൻ ചൂണ്ടിക്കാട്ടിയതു വടികൊടുത്ത് അടിവാങ്ങുന്നതിനു തുല്യമായി. ഇറ്റലിയിൽ നിന്നു സോണിയ ഗാന്ധിയെ കൊണ്ടുവന്നു പ്രസിഡന്റ് ആക്കിയവരാണ് ഈ പറയുന്നതെന്നു സാജു പോൾ ചൂണ്ടിക്കാട്ടി. കാലുമാറ്റത്തിന് ആശയപരിവേഷം നൽകാൻ ആരും ശ്രമിക്കേണ്ടെന്ന ഉപദേശമാണു വി.ഡി. സതീശൻ നൽകിയത്.

പിന്നെ തർക്കം കാലുമാറ്റത്തിന്റെ ഉപജ്ഞാതാക്കൾ ആരാണ് എന്നതിനെ ചൊല്ലിയായി. നിയമനിർമാണത്തിന്റെ ഉദ്ദേശ്യം ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്നില്ലെന്ന സത്യവും സതീശൻ വെളിപ്പെടുത്തി.

സി. രവീന്ദ്രനാഥിനു വികേന്ദ്രീകൃതാസൂത്രണം വിട്ട് ഒരു കളിയുമില്ല. ഇടപെട്ടവർക്കെല്ലാം വഴങ്ങാൻ അദ്ദേഹം സൗമനസ്യം കാട്ടിയതോടെ പ്രസംഗം തന്നെ ചർച്ചാരൂപത്തിലായി. എല്ലാറ്റിന്റെയും ഉത്തരവാദിത്തം രവീന്ദ്രനാഥിനാണ് എന്ന മട്ടിലാണല്ലോ ചോദ്യങ്ങൾ എന്നായി സ്പീക്കർ ജി. കാർത്തികേയൻ.

വിഷയം പഞ്ചായത്തായാലും പഞ്ചശീലമായാലും മുസ്ലിം ലീഗിനെ കുത്തിനോവിക്കാതെ പി.ടി.എ. റഹിമിനു പൂർണതൃപ്തിയാവില്ല. കാസർകോട്ടെ യൂത്ത് ലീഗ് സമ്മേളനദിവസം കലക്ടർ ബാറുകൾക്ക് അവധി പ്രഖ്യാപിച്ച കാര്യം കെ. കുഞ്ഞിരാമൻ എടുത്തിട്ടപ്പോൾ റഹിം അതിൽ കയറിപ്പിടിച്ചു. അതോടെ ലീഗുകാർ ബഹളം തുടങ്ങി.

മറ്റു പാർട്ടികളെ അവഹേളിക്കുന്ന പരാമർശം പാടില്ലെന്ന നിർദേശത്തോടെ ഇതു രേഖയിൽ നിന്നു നീക്കാൻ ചെയറിൽ ഉണ്ടായിരുന്ന വി.എസ്. സുനിൽകുമാർ നിർദേശിച്ചു.

എന്നാൽ കെ.എൻ.എ. ഖാദറിന്റെ പ്രസംഗസമയത്തു പ്രശ്നം എ. പ്രദീപ്കുമാർ എടുത്തിട്ടതോടെ രേഖയിൽ നിന്നു നീക്കൽ അപ്രസക്തമായി.

ഖാദറിന്റെ മറുപടി കേട്ടതോടെ സംഭവം വീണ്ടും എഴുന്നള്ളിക്കേണ്ടായിരുന്നു എന്നു പ്രദീപ്കുമാറിനു തോന്നിക്കാണണം.

കേരളത്തിൽ ഒരേയൊരു രാഷ്ട്രീയ പാർട്ടിയുടെ സെക്രട്ടറിക്കു മാത്രമേ കള്ളുകുടിച്ചാൽ വയറ്റിൽ കിടക്കണമെന്നു പാർട്ടി സമ്മേളനത്തിൽ പ്രഖ്യാപിക്കേണ്ട ഗതികേട് ഉണ്ടായിട്ടുള്ളൂ എന്നായിരുന്നു ഖാദറിന്റെ തിരിച്ചടി. കൊടുത്താൽ കൊല്ലത്തു മാത്രമല്ല, സഭയിലും കിട്ടുമെന്നു തീർച്ച.

ബില്ലിനെക്കുറിച്ച് അഭിപ്രായവ്യത്യാസമില്ലെങ്കിൽ അഭിപ്രായ വ്യത്യാസമുള്ള കാക്കത്തൊള്ളായിരം കാര്യങ്ങൾ കണ്ടുപിടിച്ചു ചർച്ച നീട്ടിക്കൊണ്ടുപോകാൻ ബഹുസമർഥർ സഭയിൽ ഉണ്ട്.

ഇന്നത്തെ വാചകം

‘‘ജീവിക്കാൻ ധൈര്യമില്ലാത്തവരാണ് ആത്മഹത്യ ചെയ്യുന്നത്. ആത്മഹത്യ ചെയ്യാൻ ധൈര്യമില്ലാത്തവർ (കാർഷിക വിലത്തകർച്ച ഉണ്ടായാലും) ചിലപ്പോൾ ജീവിക്കുമായിരിക്കും ’’

● സാജു പോൾ